(ബി) ഇത് സംബന്ധിച്ച് സർക്കാർ വിദഗ്ധ സമിതിയുടെ ഏതെങ്കിലും പഠന റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗാഡ്ഗിൽ റിപ്പോർട്ട് നിലവിൽ കേന്ദ്രസർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

കാപ്പിതോടിനെ മാലിന്യമുക്തമാക്കാൻ ജലസമൃദ്ധ കേരളം പദ്ധതി

256 (2000) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ കാപ്പി തോടിനെ മാലിന്യ മുക്തമാക്കാൻ ജലസമൃദ്ധ കേരളം പദ്ധതിയിൻ കീഴിൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി ഈ പ്രദേശങ്ങൾ സന്ദർശിച്ച് കാപ്പി തോടിനെ മാലിന്യ മുക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ജലസമൃദ്ധ കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണതോതിൽ പ്രാവർത്തികമായിട്ടില്ല. ഇതുസംബന്ധിച്ച് വ്യക്തമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

അന്തരീക്ഷ താപനില

257 (2001) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ താപനില ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്ന വാദഗതിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്താണ് നിഗമനങ്ങൾ എന്ന് വ്യക്തമാക്കുമോ;

(സി) അന്തരീക്ഷ താപനില വർദ്ധിക്കുന്നുവെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്നാണ് ചുണ്ടിക്കാട്ടിയിട്ടുള്ളത്;

(ഡി) വനവത്ക്കരണം, പരിസ്ഥിതി സംതുലിത പ്രവർത്തനങ്ങൾ എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം വർദ്ധിച്ചതാണ് അന്തരീക്ഷ താപനില വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. വ്യവസായവൽക്കരണം വഴി വർദ്ധിച്ച തോതിലുള്ള ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്താലും, ഭൂവുപയോഗത്തിലും കൃഷിയിലും ഉണ്ടായ മാറ്റത്താലും കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹ വാതകങ്ങൾ കൂടുതലായി ഭൂമിയിലേയ്ക്ക് പുറംതള്ളപ്പെടുന്നു. ഇതുമൂലം ഭൂമിയുടെ ശരാശരി താപനില വർദ്ധിക്കുക മാത്രമല്ല, ഉഷ്ണക്കാറ്റ്, കാറ്റിന്റെ ഗതിയിലും മഴയുടെ അളവിലും വ്യതിയാനം, വരൾച്ച തുടങ്ങിയവയ്ക്ക് കാരണമാവുകയും ചെയ്യുന്നു.

(ഡി) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധതരം ഫണ്ട് ഉപയോഗിച്ചും അവയുടെ കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടുകൂടിയും വിവിധ വനവൽക്കരണ, വനസംരക്ഷണ പരിപാടികൾ വനംവകുപ്പ് നടപ്പാക്കിവരുന്നു. 31-3-2015 വരെ ദേശീയ വനവൽക്കരണ പരിപാടിയിലൂടെ ഏകദേശം 38,406.23 ഹെക്ടറിൽ വിവിധ വനവൽക്കരണ പരിപാടികൾ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഈ വർഷം 1470 ഹെക്ടറാണ് ഈ പദ്ധതിയിൻകീഴിലെ അംഗീകൃത ലക്ഷ്യം. ദേശീയ ബാംബു മിഷന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലൂടെ ഗുണമേന്മയുള്ള നല്ലയിനം മുള നട്ടുപിടിപ്പിക്കുന്നതിനും ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികളും വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം (NAP), ഗ്രീൻ ഇന്ത്യ മിഷൻ (GIM) തുടങ്ങിയ സ്കീമുകളുടെ ഫണ്ട് ഉപയോഗിച്ച് വന നശീകരണം സംഭവിച്ച മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കുന്നതിനും പ്രകൃതിയുടെ നിലനിൽപ്പിനും ജൈവവൈവിധ്യ സംരക്ഷണത്തിനുമായി വനവൽക്കരണ നടപടികൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും ആഗോള താപനത്തെയും, കാലാവസ്ഥാ വ്യതിയാനത്തെയും ചെറുക്കുന്നതിനും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും 'ഹരിതകേരളം', 'എന്റെ മരം', 'വഴിയോര തണൽ', 'ഹരിത തീരം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള വനമേഖലകളെ ദേശീയോദ്യാനമായും വന്യജീവി സങ്കേതങ്ങളായും കടുവാ സങ്കേതങ്ങളായും അംഗീകൃത മാനേജ്മെന്റ് പ്ലാനുകൾ പ്രകാരം സംരക്ഷിച്ച് പരിപാലിച്ചുവരുന്നു.

കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുവഴി വനമേഖലയ്ക്ക് പുറത്തുള്ള വനവൽക്കരണവും പരിസ്ഥിതി സന്തുലിത പ്രവർത്തനങ്ങളും ബയോഡൈവേഴ്സിറ്റി സെൽ നടപ്പിലാക്കുന്നു.

കാലാവസ്ഥാ വ്യതിയാനം

258 (2002) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം പഠിക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനം എന്ന വിഷയത്തിൽ സമഗ്ര പഠനത്തിനായി 21-2-2014-ലെ GO (Ms) No. 03/2014/Envt. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly